**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2043** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജാമ്യവ്യവസ്ഥകൾ ലംഘിക്കുന്ന പ്രതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജാമ്യത്തിൽ ഇറങ്ങിയ പ്രതികൾ ജാമ്യവ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് പോലീസ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പോലീസ് സ്പെഷ്യൽ ഡ്രൈവുകൾ നടത്തുകയും സ്പെഷ്യൽ ബ്രാഞ്ചിന്റെയും പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെയും സഹായത്തോടെ പരിശോധനകൾ നടത്തുകയും ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇത്തരം പ്രതികളുടെ ജാമ്യം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനാവശ്യമായ നിർദ്ദേശം പോലീസ് മേധാവി നൽകിയിട്ടുണ്ട് . |
| (ബി) | നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി മറ്റൊരു കൊലപാതക കേസിൽ ജാമ്യത്തിൽ ഇറങ്ങി ജാമ്യവ്യവസ്ഥ ലംഘിച്ചത് മനസ്സിലാക്കിയിട്ടും പോലീസ് നടപടി സ്വീകരിക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചു എന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ നെന്മാറ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീ.മഹേന്ദ്ര സിംഹനെയും, നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിലെ ഫീൽഡ് ഉദ്യോഗസ്ഥനായ ഗ്രേഡ് സബ് ഇൻസ്പെക്ടർ രാജേഷിനെയും (സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, പാലക്കാട് ഡിറ്റാച്ച്മെന്റ്) സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| (സി) | ഈ കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (സി) | ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചു എന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ നെന്മാറ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീ.മഹേന്ദ്ര സിംഹനെയും, നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിലെ ഫീൽഡ് ഉദ്യോഗസ്ഥനായ ഗ്രേഡ് സബ് ഇൻസ്പെക്ടർ രാജേഷിനെയും (സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, പാലക്കാട് ഡിറ്റാച്ച്മെന്റ്) സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ ജില്ലാ പോലീസ് മേധാവി ഉത്തരമേഖല ഐ.ജി.ക്ക് നൽകിയ റിപ്പോർട്ടിന്റെ | (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസും അച്ചടക്ക നടപടിയുടെ ഭാഗമായുള്ള വകുപ്പുതല അന്വേഷണവും |

| | | | |
|---|---|---|---|
| | പകർപ്പ് ലഭ്യമാക്കുമോ? | | നടന്നു വരികയാണ്.ഈ അന്വേഷണങ്ങളുടെ ഭാഗമായ റിപ്പോർട്ടിന്റെ പകർപ്പ് നൽകുവാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ